കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 11/2023 14/06/2023

# മാഞ്ഞു പോകുന്ന ഓർമ്മകൾ

കഴിഞ്ഞ ദിവസവും അത് സംഭവിച്ചു. രംഗബോധമില്ലാത്ത ആ കോമാളി വീണ്ടും നമ്മളിലൊരാളെ തട്ടിയെടുത്തു. പ്രായഭേദമന്യേ നിരവധി സഹപ്രവർത്തകർക്കാണ് ഇത്തരത്തിൽ അകാലവിയോഗം സംഭവിക്കുന്നത്. പതിവോളം എന്നപോലെ മാനേജ്മെന്റ് നേതൃത്വത്തിൽ അനുശോചനവും രേഖപ്പെടുത്തി. യാന്ത്രികമായി ഒരു പേപ്പറിൽ മണ്മറഞ്ഞ ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ചത് മുതൽ അവസാനകാലം വരെ ഉണ്ടായിരുന്ന ശാഖകളുടെ പേര്, കുടുംബാംഗങ്ങളുടെ പേര് എന്നിവ വായിച്ച് രണ്ട് നിമിഷം മൗനം ഭജിച്ചാൽ അനുശോചനം പൂർണ്ണമായി. ഇതാണ് നമ്മുടെ മാനേജ്മെന്റ് ആ ജീവനക്കാരന് നൽകുന്ന ബഹുമതി. ശേഷം കാണുന്നതോ..? വളരെ പരിതാപകരമായ കാഴ്ച.

ആശ്രിതനിയമനം നമ്മുടെ ബാങ്കിൽ പുനഃസ്ഥാപിക്കപ്പെട്ടിട്ട് നാലര വർഷം പൂർത്തിയാവുന്നു. ഒരു കാലത്ത് മാനേജ്മെന്റും കേന്ദ്രസർക്കാരും നമ്മളിൽ നിന്നും തട്ടിയകറ്റിയ ആശ്രിതനിയമനം AIRRBEA നേതൃത്വത്തിൽ നടന്ന ദീർഘമായ പോരാട്ടത്തിലൂടെയാണ് രാജ്യത്തെമ്പാടുമുള്ള ഗ്രാമീണ ബാങ്കുകളിൽ തിരികെ കൊണ്ട് വരാൻ നമുക്ക് സാധിച്ചത്. ഇക്കാലയളവിൽ നിരവധി ജീവനക്കാരാണ് അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞത്. എന്നാൽ ഈ വർഷങ്ങളിൽ ഇന്നേ വരെ ഒരാൾക്ക് പോലും ആശ്രിതനിയമനം വഴി ജോലി നൽകാൻ മാനേജ്മെന്റ് തയ്യാറായിട്ടില്ല. നിരത്തുന്ന കാരണങ്ങൾ പലതാണ്. 8 ലക്ഷം വരെ വരുമാനമുള്ളവർക്ക് (ഫാമിലി പെൻഷൻ കിട്ടുന്നത് കൂട്ടാതെ) സംസ്ഥാന സർക്കാർ സർവീസിൽ ആശ്രിതനിയമനം നൽകുമ്പോൾ നമ്മുടെ ബാങ്കിൽ അതിന്റെ പകുതി വരുമാനമുള്ളവർക്ക് പോലും നിഷേധിക്കുകയാണ്. നിഷേധിക്കാൻ തക്ക കാരണം സർക്കുലറിൽ എവിടെയും ഇല്ലാതിരിക്കെ മുട്ടാപ്പോക്ക് വാദങ്ങളാണ് മാനേജ്മെന്റ് നിരത്തുന്നത്. മണ്മറഞ്ഞ ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ സാമ്പത്തിക ബാധ്യത പോലും തങ്ങളെ സംബന്ധിച്ച് പ്രശ്നമല്ല എന്നതാണ് മാനേജ്മെന്റ് ലൈൻ.

നമ്മുടെ കൂടെ നടക്കുന്നവർ പാതിവഴിയിൽ വീണുപോയാൽ അവരുടെ കുടുംബത്തെ സംരക്ഷിക്കേണ്ടത് സ്ഥാപനത്തിന്റെ ബാധ്യതയാണ്. പൊരുതി നേടി നിയമം മൂലം അംഗീകരിക്കപ്പെട്ട ഈ തത്വം പോലും നമ്മുടെ ബാങ്കിൽ നിഷേധിക്കപ്പെടുകയാണ്. ക്ലറിക്കൽ കേഡറിൽ നിയമനത്തിന് അപേക്ഷിച്ച, തങ്ങളുടെ കണ്ണിൽ യോഗ്യതയുള്ളവർക്ക് പോലും ആശ്രിതനിയമനത്തിലേക്ക് വഴിതുറന്ന് കിട്ടാൻ വലിയ അലംഭാവമാണ് ഇവിടുത്തെ മാനേജ്മെന്റിന്. സ്വന്തം കുടുംബത്തിൽ താൻ ഉൾപ്പെടെ രണ്ട് മാസത്തിനിടെ മൂന്ന് പേര് മരണപ്പെട്ട ഒരു ജീവനക്കാരന്റെ പറക്കമുറ്റാത്ത മക്കൾ ഉള്ള കുടുംബത്തിന് ജോലി നിഷേധിക്കാൻ കാരണം മരണപ്പെട്ട ജീവനക്കാരൻ ജോലി ചെയ്ത OATD തസ്തികയിൽ ഒഴിവില്ല എന്ന കാരണത്താലാണ്. "എന്റെ അച്ഛൻ ജോലി ചെയ്ത വേക്കൻസി എവിടെ?" എന്ന് മക്കളും "എന്റെ ഭർത്താവ് ജോലി ചെയ്ത വേക്കൻസി എവിടെ?" എന്ന് ഭാര്യയും ചോദിക്കുമ്പോൾ കേൾക്കുന്ന നാമോരോരുത്തരും ഇരുട്ടിൽ തപ്പേണ്ടി വരുന്നു എന്നതാണ് വസ്തുത. ഇന്ന് മരണപ്പെട്ടത് മറ്റൊരാളാണെങ്കിൽ നാളെ മരണം തേടിയെത്തുന്നത് നമ്മളിൽ ആരെയുമാവാം. ഗതി കിട്ടാതെ അലയുന്നത് നമ്മുടെ ഓരോരുത്തരുടെയും മക്കളോ ഭാര്യയോ ഭർത്താവോ ആവാം. മരണപ്പെട്ട ജീവനക്കാരുടെ കുടുംബത്തെ വഴിയിലുപേക്ഷിക്കാനോ കണ്ടില്ലെന്ന് നടിക്കാനോ നമ്മുടേത് പോലെ ആത്മാഭിമാനമുള്ള ഒരു സംഘടനയ്ക്ക് സാധിക്കില്ല. മാനേജ്മെന്റിന്റെ ഈ അലംഭാവത്തിനെതിരെ പട പൊരുതാൻ നാം ഒരുങ്ങുകയാണ്. തീർച്ചയായും ഈ പോരാട്ടത്തിൽ അവരുടെ കുടുംബാംഗങ്ങളും പൂർണ്ണമായ സഹകരണം നമുക്ക് ഉറപ്പ് തന്നിട്ടുണ്ട്. ഈ വിഷയത്തിൽ നിരവധി തവണ ചെയർമാൻ ഉൾപ്പെടെയുള്ളവരുമായി സംഘടന ചർച്ച നടത്തിയിരുന്നു. ചർച്ചയിൽ അനുകൂലമായ പരാമർശങ്ങൾ പലതവണ വന്നു എങ്കിലും കാര്യം നടപ്പിലാക്കാൻ മാനേജ്മെന്റ് വിമുഖത കാട്ടുകയാണ്. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ വസ്തുതകൾ ചൂണ്ടിക്കാട്ടി നാം ചെയർമാന് കത്ത് നൽകിയിട്ടുണ്ട്.

"വൈകിക്കിട്ടുന്ന നീതി, നീതിനിഷേധിക്കപ്പെടുന്നതിന് തുല്യമാണ് " എന്ന വാക്കുകൾ പരമയാഥാർത്ഥ്യമാണ് എന്നതിനാൽ ഇനിയുള്ള നാളുകൾ നീതി നിഷേധിക്കപ്പെട്ടവരുടെ നാവും ശബ്ദവുമാകാനുള്ള പോരാട്ടമാണ്. സംഘടനാഭേദമന്യേ മുഴുവൻ ജീവനക്കാരും നമ്മോടൊപ്പമാണ് എന്ന് പ്രതീക്ഷിച്ചു കൊണ്ട്,

അഭിവാദനങ്ങളോടെ,

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**പ്രശാന്ത് ജി**
ആക്ടിംഗ് ജനറൽ സെക്രട്ടറി
KGBOU, 9995110026

## സംസ്ഥാന സമ്മേളനം
**ജൂലൈ 22, 23 മാമൻ മാപ്പിള ഹാൾ, കോട്ടയം**

## സംഘാടക സമിതി രൂപീകരണം
**ജൂൺ 19 വൈകിട്ട് 5 മണിക്ക് ഇ എം എസ് മന്ദിരം, കോട്ടയം**

## BEFI അഖിലേന്ത്യാ സമ്മേളനം
**2023 ആഗസ്ത് 12– 14 ചെന്നൈ**

kartine29.deviantart